# Malayala Manorama
# 28 August 2018
# Thiruvananthapuram, After Flood, Rahul Gandhi



## രാഹുൽ ഗാന്ധി ഇന്നും നാളെയും പ്രളയമേഖലയിൽ

തിരുവനന്തപുരം● പ്രളയബാധിത പ്രദേശങ്ങളിൽ കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധിയുടെ രണ്ടുദിവസത്തെ പര്യടനം ഇന്ന് ആരംഭിക്കും.

പുലർച്ചെ 3.30ന് അദ്ദേഹം തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തും. 10.15നു ഹെലികോപ്റ്ററിൽ തിരുവനന്തപുരത്തുനിന്നു ചെങ്ങന്നൂരിലേക്കു പോകും. 10.45 മുതൽ 11.45 വരെ ചെങ്ങന്നൂരിലെ ദുരിതാശ്വാസ ക്യാംപുകൾ സന്ദർശിക്കും.

തുടർന്നു ഹെലികോപ്റ്ററിൽ ആലപ്പുഴയിലേക്ക്. 12.30 മുതൽ 1.30 വരെ ദുരിതാശ്വാസ കേന്ദ്രങ്ങൾ സന്ദർശിക്കുകയും മത്സ്യത്തൊഴിലാളികളെ അനുമോദിക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയും ചെയ്യും.

2.30ന് ആലപ്പുഴയിൽ നിന്നു കൊച്ചിയിലേക്ക്. 3.45 മുതൽ 6.15 വരെ ആലുവ, ചാലക്കുടി, പറവൂർ ദുരിതാശ്വാസക്യാംപുകൾ സന്ദർശിക്കും.

തുടർന്നു കൊച്ചിയിൽ. നാളെ രാവിലെ 10നു വിമാനത്തിൽ കോഴിക്കോടിന്.

10.45നു കോഴിക്കോട്ടുനിന്നു വയനാട്ടിലേക്കു ഹെലികോപ്റ്ററിൽ. പ്രളയത്തിൽ തകർന്ന കോട്ടത്തറ ഗ്രാമം 11.30 മുതൽ 12.30 വരെ സന്ദർശിച്ചശേഷം മടങ്ങും.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്താനും പുനരധിവാസ പ്രവർത്തനങ്ങൾ ചർച്ച ചെയ്യാനുമായി കെപിസിസി നേതൃയോഗം 30നു ഉച്ചയ്ക്കു മൂന്നരയ്ക്ക് ഇന്ദിരാഭവനിൽ ചേരും.